അനെർട്ട്
ANERT
Agency for New and renewable Energy Research and Technology
നവീനവും പുനരുപയോഗയോഗ്യവുമായ ഊർജ്ജ ഗവേഷണങ്ങൾക്കും സാങ്കേതിക വിദ്യകൾക്കുമുള്ള ഏജൻസി
DEPARTMENT OF POWER, GOVERNMENT OF KERALA
Law College Road, PMG, Thiruvananthapuram 695033 • director@anert.in • www.anert.gov.in
Tel : (+91-471) 2338077, 2334122, 2333124, 2331803 • Fax: (+91-471) 2329853

150 YEARS OF CELEBRATING THE MAHATMA

നം. ANERT-TECH/170/2022-COA(EV) 12/01/2023

# സർക്കുലർ

വിഷയം: അനെർട്ട്-2022-23 ഇ വി ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ സബ്സിഡി നൽകുന്നതിനുള്ള അധിക മാർഗ്ഗരേഖ.

സൂചന : 1. G.O(Rt) No.145/2022/power തീയതി 20-08-2022
2. A.O No.100/2021/ANERT തീയതി 13-10-2021
3. സർക്കുലർ നമ്പർ ANERT-TECH/126/2020-PJC1 തീയതി 01-01-2022
4. സർക്കുലർ നമ്പർ ANERT-TECH/126/2020-PJC1 തീയതി 10-03-2022
5.സർക്കുലർ നമ്പർ ANERT-TECH/170/2022-COA(EV) തീയതി 30-09-2022
6. സർക്കുലർ നമ്പർ ANERT-TECH/148/2022-COA(EV) തീയതി 17-12-2022

മേൽ സൂചന പ്രകാരമുള്ള സർക്കുലർ പ്രകാരം ചാർജിംഗ് മെഷീനോടൊപ്പം സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സബ്സിഡി നൽകുന്നതിനുള്ള വിശദമായ സർക്കുലർ നൽകിയിരുന്നു.

എന്നാൽ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം കുറഞ്ഞത് 50 kW ശേഷിയുള്ള ചാർജിംഗ് മെഷീനുകൾ സ്ഥാപിച്ചാൽ മാത്രമേ സൗരോർജ്ജ പാനലുകൾക്ക് സബ്സിഡി ലഭ്യമായിരിക്കുകയുള്ളു. എന്നാൽ 50 kW ശേഷിയുള്ള ചാർജർ മെഷീനുകൾ സ്ഥാപിക്കുന്നതിന് കുറഞ്ഞത് 100 kVA ശേഷിയുള്ള ട്രാൻസ്ഫോർമർ വേണ്ടി വരുന്നതിനാലും മെഷീൻ സബ്സിഡി 25 /30 kW മെഷീനുകൾക്ക് കൂടി നൽകി ഉത്തരവ് ആയതിനാലും സൗരോർജ്ജ സംവിധാനത്തിനുള്ള സബ്സിഡിയും 25/30 kW ശേഷിയുള്ള മെഷീനിനും ബാധകമാക്കി ഉത്തരവാകുന്നു.

(1) സൗരോർജ്ജ സംവിധാനത്തിന് അനുവദിക്കുന്ന സബ്സിഡി ചാർജിംഗ് മെഷീനിന്റെ ശേഷിയ്ക്ക് ആനുപാതികമായിരിക്കും. 25 kW ശേഷിയുള്ള മെഷീനിന് പരമാവധി 25 kW

സോളാർ സംവിധാനത്തിനും 30 kW ശേഷിയുള്ള മെഷീനിന് പരമാവധി 30 kW സോളാർ സംവിധാനത്തിനും സബ്സിഡി ലഭിക്കുന്നതാണ്.

(2) അനെർട്ട്/സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന തുക മാത്രമേ ഉണഭോക്താവിൽ നിന്ന് ചാർജിംഗിനായി ഈടാക്കുവാൻ പാടുള്ളൂ.

(3) ചാർജിംഗിനായി അനെർട്ട്/സംസ്ഥാന സർക്കാർ /ഗതാഗത വകുപ്പ് വികസിപ്പിക്കുന്ന പുതിയ മൊബൈൽ ആപ്ലിക്കേഷൻ സജ്ജമായാൽ അത് കൂടി നിലവിലെ ചാർജിംഗ് മെഷീനിൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

(4) ഒരു സ്റ്റേഷനിൽ പരമാവധി 50 kW സോളാർ സംവിധാനത്തിന് മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ.

(5) ഹോട്ടലുകൾ, മാളുകൾ, റെസ്റ്റാറന്റുകൾ എന്നിവയ്ക്ക് പുറമെ കോപ്പറേറ്റീവ് സൊസൈറ്റികൾക്കും/ബാങ്കുകൾക്കും മെഷീൻ സബ്സിഡിയും സോളാർ സബ്സിഡിയും പരിഗണിക്കുന്നതാണ്.

Chief Executive Officer

പകർപ്പ്: 1) എല്ലാ ജില്ലാ എൻജിനീയർമാർക്കും

2) എല്ലാ എംപാനൽമെൻറ് ഏജൻസികൾക്കും